വേദന നിവാരണ ക്ലിനിക്കുകൾ ആരംഭിക്കാൻ ആവശ്യമായ തുക

79 [1256] ശ്രീ. എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേദന നിവാരണ ക്ലിനിക്കുകൾ ആരംഭിക്കുവാൻവേണ്ടിവരുന്ന തുക എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ പ്രാരംഭഘട്ടം നടപ്പാക്കുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 45,47,254 രൂപ (നാൽപത്തിയഞ്ച് ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തി ഇരുന്നൂറ്റി അൻപത്തിനാല് രൂപ).

വിഷചികിൽസയിൽ പ്രത്യേക പരിശീലനം

80 [1257] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പ് വിഷബാധ കൂടുതലായുള്ള സ്ഥലങ്ങളിൽ താലൂക്ക് ആശുപത്രികളിലെ ഡോക്ടർമാർക്ക് വിഷ ചികിൽസയിൽ പ്രത്യേക പരിശീലനം നൽകുന്നുണ്ടോ;

(ബി) എങ്കിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

ചിക്കൻപോക്സ് നിവാരണം

81 [1258] ശ്രീ. എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ചിക്കൻപോക്സ് നിവാരണത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചിക്കൻപോക്സ് നിവാരണത്തിനായി ഗ്രാമങ്ങളിലും പട്ടണങ്ങളിലും ആരോഗ്യ വിദ്യാഭ്യാസം കാലാകാലങ്ങളിൽ നൽകുന്നുണ്ട്. രോഗം ബാധിച്ചവരെ ആശുപത്രിയിൽ ആക്കുകയും രോഗബാധിത പ്രദേശങ്ങളിൽ ഫ്യൂമിഗേഷൻ നടത്തേണ്ടിവന്നാൽ ചെയ്തുകൊടുക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly